# പി.ആർ.ഡി പ്രിസം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

- സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ്, കണ്ടന്റ് എഡിറ്റർ ഒഴിവുകൾ

ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പിന്റെ സംയോജിത വികസന വാർത്ത ശൃംഖല പദ്ധതിക്കായി താത്കാലിക അടിസ്ഥാനത്തിൽ സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ്, കണ്ടന്റ് എഡിറ്റർ എന്നിവരുടെ പാനൽ രൂപീകരിക്കുന്നു. ഇതിനായുള്ള വാക്ക് ഇൻ ഇന്റർവ്യൂ ജില്ലാതലത്തിൽ അതത് ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ നടക്കും. ഇൻറർവ്യൂ തീയതിയിൽ ഉദ്യോഗാർത്ഥികൾക്ക് രാവിലെ എട്ടുമണിമുതൽ ഒൻപതര വരെ രജിസ്റ്റർ ചെയ്യാം.

**സബ് എഡിറ്റർ** നിയമനത്തിന് ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസത്തിൽ പി.ജി ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം ആണ് യോഗ്യത. മാധ്യമസ്ഥാപനങ്ങളിൽ മൂന്നു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാവണം. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ ഓരോന്നും ഡയറക്ടേറ്റിൽ അഞ്ചും സബ് എഡിറ്റർ ഒഴിവാണുള്ളത്. തിരുവനന്തപുരം ജില്ലാ ഇൻഫർമേഷൻ ഓഫീസിനു വേണ്ടിയുള്ള പാനലിൽ നിന്നുമായിരിക്കും ഡയറക്ടറേറ്റിലെ ഒഴിവുകളും പരിഗണിക്കുക.

**ഇൻഫർമേഷൻ അസിസ്റ്റന്റ്** നിയമനത്തിന് ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം ഉണ്ടായിരിക്കണം. വിവിധ ജില്ലകളിലായി 76 ഒഴിവാണുള്ളത്.

**കണ്ടന്റ് എഡിറ്റർ**ക്ക് ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം ആണ് യോഗ്യത. സമൂഹമാധ്യമങ്ങളിൽ കണ്ടന്റ് ജനറേഷൻ, ഗ്രാഫിക് ഡിസൈൻ എന്നിവയിൽ പരിചയം വേണം. മൂന്നുവിഭാഗത്തിലും ജേർണലിസത്തിൽ അല്ലെങ്കിൽ മാസ് കമ്യൂണിക്കേഷനിൽ ബിരുദാനന്തര ബിരുദമുള്ളവരെയും പരിഗണിക്കും. ഇവർക്കും പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. ഇതിന് തെളിവ് ഹാജരാക്കേണ്ടതാണ്. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ ഓരോന്നും ഡയറക്ടേറ്റിൽ അഞ്ചും കണ്ടന്റ് എഡിറ്റർ ഒഴിവാണുള്ളത്.

കേരള പി.എസ്.സി മാനദണ്ഡപ്രകാരമുള്ള പ്രായപരിധി ബാധകമായിരിക്കും. ഒരാൾക്ക് ഒരു ജില്ലയിൽ മാത്രമേ ഇൻറർവ്യൂവിൽ പങ്കെടുക്കാൻ അർഹതയുണ്ടാവൂ. ഒരാൾക്ക് ഒരു തസ്തികയിലേക്ക് മാത്രമാണ് അപേക്ഷിക്കാൻ അർഹത. എം പാനൽ ചെയ്യപ്പെട്ടവർക്ക് ഇതര ജില്ലകളിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതല്ല.

മൂന്നു വിഭാഗത്തിലെയും ഉദ്യോഗാർഥികൾക്ക് ന്യൂസ് ഫോട്ടോഗ്രാഫിയിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം. ന്യൂസ് റിപ്പോർട്ടുകൾക്കൊപ്പം നിർദേശാനുസരണം ഫോട്ടോ/മൊബൈൽ വീഡിയോ എന്നിവ കൂടി ലഭ്യമാക്കുന്നതിന് ഇവർ ബാധ്യസ്ഥരാണ്. ഇതിന് പ്രത്യേക പ്രതിഫലം അനുവദിക്കുന്നതല്ല.

ഉദ്യോഗാർഥികൾക്ക് ഉപയോഗക്ഷമമായ സ്മാർട്ട് മൊബൈൽ ഫോണും ഡാറ്റാ കണക്ഷൻ ഉൾപ്പെടെയുള്ള സിം കാർഡും ഉണ്ടായിരിക്കണം.

എം പാനൽ ചെയ്യപ്പെട്ടവർ മറ്റ് മാധ്യമങ്ങളിലോ, സ്ഥാപനങ്ങളിലോ ജോലി ചെയ്യാൻ പാടുള്ളതല്ല.

നിശ്ചിത യോഗ്യതയോടെ എം പാനൽ ചെയ്യപ്പെട്ടവരുടെ പ്രവർത്തനത്തിൽ തൃപ്തികരമായ നിലവാരം പുലർത്താത്തവരെ പാനലിൽനിന്നും ഒഴിവാക്കുന്നതാണ്.

കണ്ടൻറ് എഡിറ്റർ തിരഞ്ഞെടുപ്പിന് സാമൂഹ്യ മാധ്യമങ്ങളിൽ കണ്ടൻറ് ജനറേഷൻ, ഗ്രാഫിക് ഡിസൈൻ എന്നിവയിലെ പ്രാവീണ്യം കൂടി പരിശോധിക്കും.

മൂന്നു വിഭാഗങ്ങളിലേക്കുമുള്ള ഉദ്യോഗാർത്ഥികൾ മലയാളം ടൈപ്പിംഗ് അറിഞ്ഞിരിക്കണം. സബ് എഡിറ്റർക്ക് പ്രതിമാസം 19800 രൂപയും ഇൻഫർമേഷൻ അസിസ്റ്റന്റിനും കണ്ടന്റ് എഡിറ്റർക്കും പ്രതിമാസം 15400 രൂപയുമാണ് പ്രതിഫലം. വാക്ക്-ഇൻ-ഇന്റർവ്യൂവിനെത്തുന്നവർ ബയോഡാറ്റയും അസൽ സർട്ടിഫിക്കറ്റുകളും ഒരു സെറ്റ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കണം.

പാനൽ താത്കാലികാടിസ്ഥാനത്തിലും വകുപ്പിന്റെ നിബന്ധനകൾക്ക് വിധേയവുമായിരിക്കും.

## പ്രിസം ഇൻറർവ്യൂ തീയതികൾ

**സെപ്റ്റംബർ ആറ്:** കാസർകോട്, മലപ്പുറം, കൊല്ലം.

**സെപ്റ്റംബർ ഏഴ്:** കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം.

**സെപ്റ്റംബർ 17:** തൃശ്ശൂർ.

**സെപ്റ്റംബർ 18:** എറണാകുളം, പത്തനംതിട്ട.

**സെപ്റ്റംബർ 19:** ഇടുക്കി, പാലക്കാട്.

**സെപ്റ്റംബർ 20:** ആലപ്പുഴ, വയനാട്.